21 2000 ഓഗസ്റ്റ് 18 മലയാള മനോരമ

# ഗാർഹിക മാലിന്യങ്ങൾ സംസ്കരിക്കാൻ പ്ലാന്റ്

തിരുവനന്തപുരം : ഗാർഹിക മാലിന്യങ്ങൾ സംസ്കരിച്ച് പാചക വാതകവും വളവും ഉത്പാദിപ്പിക്കുന്ന സംസ്കരണ പ്ലാന്റ് വികസിപ്പിച്ചെടുത്തതായി ബയോടെക് ചെയർമാൻ പി. ഭാസ്കരപിള്ള, ഡയറക്ടർ എ. സജിദാസ് എന്നിവർ അറിയിച്ചു.

ഭക്ഷ്യ അവശിഷ്ടങ്ങൾ, അടുക്കളയിൽ നിന്നുള്ള മാലിന്യങ്ങൾ എന്നിങ്ങനെ കുഴമ്പു രൂപത്തിലാക്കാവുന്ന ഏതുതരം മാലിന്യങ്ങളും സംസ്കരിക്കുന്ന ഉപകരണം സ്ഥാപിക്കാൻ 15,000 രൂപ ചെലവു വരും.

ഫിക്സഡ് ഫിലിം റിയാക്ടർ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഫൈബർ ഗ്ലാസിൽ നിർമിച്ച പ്ലാന്റ് വീടുകളുടെയും ഫ്ലാറ്റുകളുടെയും പരിസരങ്ങളിൽ സ്ഥാപിക്കാനാവും. കഞ്ഞിവെള്ളം, മത്സ്യ,മാംസ അവശിഷ്ടം, പച്ചക്കറിയുടെ അവശിഷ്ടം തുടങ്ങിയ ജൈവ വസ്തുക്കൾ പ്ലാന്റിന്റെ പ്രീ കണ്ടീഷണറിൽ നിക്ഷേപിച്ച് പ്രവർത്തനക്ഷമമാക്കിയാൽ അവ പൾപ്പ് രൂപത്തിലാകും. പ്ലാന്റിനുള്ളിൽ കടത്തിവിടപ്പെടുന്ന പൾപ്പ് എളുപ്പത്തിൽ വിഘടിച്ച് മീഥെയിനും ജൈവവളവുമായി രൂപാന്തരപ്പെടും. മാലിന്യ സംസ്കരണത്തിന് 15 മുതൽ 20 ദിവസം വരെ വേണ്ടി വരും. മീഥെയിൻ വാതകം പാചക ഗ്യാസായി ഉപയോഗിക്കാം.

പ്ലാന്റിന്റെ പ്രവർത്തനം പൊതുജനങ്ങൾക്കായി 23 മുതൽ 26 വരെ വഴുതക്കാട്ടുള്ള എം. പി. അപ്പൻ റോഡിലെ ബയോടെക് ഓഫിസിൽ പ്രദർശിപ്പിക്കും. രാവിലെ 11 മുതൽ ഒരു മണി വരെയാണു സമയം. ഫോൺ : 332179.




മാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം ബയോടെക് ഡയറക്ടർ എ. സജിദാസ് വിവരിക്കുന്നു.